(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

ദുരിതാശ്വാസ ഫണ്ട് പിരിവുകൾക്ക് മാർഗ്ഗനിർദ്ദേശം

*6 [3] ശ്രീ. കെ. എൻ. എ. ഖാദർ:

" യു. സി. രാമൻ:

" പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിനുള്ള ദുരിതാശ്വാസത്തിനായി ബഹുജനങ്ങളിൽ നിന്ന് സർക്കാരിതര സംഘടനകളും വ്യക്തികളും ഫണ്ട് പിരിക്കുന്നതും ചെലവാക്കുന്നതും സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് പൊതുവായ ഒരു മാർഗ്ഗനിർദ്ദേശം നൽകി ഫണ്ട് ചെലവാക്കുന്നത് സംബന്ധിച്ച് പരാതികൾ ഒഴിവാക്കുന്നതിന് നടപടികളെടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) നിലവിലില്ല.

(ബി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പത്രമാധ്യമങ്ങൾ ഉൾപ്പെടെയുള്ളവർ പിരിച്ചെടുക്കുന്ന തുകകളെ സംബന്ധിച്ച് അവർ ശരിയായ കണക്കുകൾ സൂക്ഷിക്കുകയും സമാഹരിച്ച തുക എങ്ങനെ ചെലവഴിച്ചു എന്ന് വ്യക്തമാക്കുകയും ചെയ്യേണ്ടതാണ് എന്ന അഭിപ്രായമാണ് സർക്കാരിനുള്ളത്.

തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച്

*7 [4] ശ്രീ. കെ. ബാബു:

" പ്രയാർ ഗോപാലകൃഷ്ണൻ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ഹൈക്കോടതിയുടെ ഒരു ബഞ്ച് സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികളെടുത്തു;

(ബി) തലസ്ഥാനത്ത് ഒരു ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ കൈക്കൊള്ളേണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ഇവ അടിയന്തിരമായി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ഫയലിംഗ് അധികാരത്തോടുകൂടിയ ഹൈക്കോടതിയുടെ ഒരു ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കണമെന്ന് നിരവധി വ്യക്തികളും സംഘടനകളും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ പരിശോധിക്കുകയുണ്ടായി. പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച അഭിപ്രായം ചീഫ് ജസ്റ്റിസുമായി ആലോചിച്ച് അറിയിക്കുവാൻ 1999-ൽ അന്നത്തെ കേന്ദ്രനിയമവകുപ്പുമന്ത്രി അഭ്യർത്ഥിക്കുകയുണ്ടായി. തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അഭിപ്രായം ആരാഞ്ഞ് അറിയിക്കാൻ കേന്ദ്രനിയമമന്ത്രി ആവശ്യപ്പെട്ടതിൻപ്രകാരം സംസ്ഥാന സർക്കാർ ബഹു. ചീഫ് ജസ്റ്റിസിന് കത്തെഴുതുകയുണ്ടായി.

ഹൈക്കോടതി ബഞ്ചിനാവശ്യമായ കെട്ടിടങ്ങളും അനുബന്ധസൗകര്യങ്ങളും തിരുവനന്തപുരത്ത് ഇപ്പോൾ തന്നെ ലഭ്യമാണെന്നും ഇക്കാര്യത്തിൽ അധിക സാമ്പത്തിക ബാദ്ധ്യത സർക്കാരിന് താങ്ങാവുന്നതാണെന്നും ചീഫ് ജസ്റ്റിസിനെ അറിയിച്ചു. കേന്ദ്രനിയമമന്ത്രാലയത്തിന് ഉചിതമായ മറുപടി സമർപ്പിക്കുന്നതിലേയ്ക്കായി ഇക്കാര്യത്തിൽ കേരള ഹൈക്കോടതിയുടെ അഭിപ്രായം അറിയിക്കുവാൻ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിനോട് 16-5-2003-ൽ അഭ്യർത്ഥിച്ചു. തിരുവനന്തപുരത്ത് ബഞ്ച് സ്ഥാപിക്കുന്നത് പൊതു താല്പര്യത്തിനോ, നീതിനിർവ്വഹണത്തിനോ സഹായകമല്ലെന്നും അതിനാൽ നിർദ്ദേശം ഉപക്ഷിക്കേണ്ടതാണെന്നും 2004 ജനുവരി 17-ലെ കത്തിൽ മുൻ ചീഫ് ജസ്റ്റിസ് അറിയിച്ചു. സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് വേണമെന്നത് സംസ്ഥാനത്തിന്റെ താൽപ്പര്യമാണെന്നും അതിനാൽ ഇക്കാര്യം പുനഃപരിശോധിക്കണമെന്നും പുതിയ ചീഫ് ജസ്റ്റിസിനോട് 13-2-2004-ലെ അർദ്ധ ഒദ്യോഗിക കത്തിൽ ബഹു മുഖ്യമന്ത്രി ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ആവശ്യം വീണ്ടും നിരാകരിക്കപ്പെട്ടു. കേന്ദ്ര നിയമവകുപ്പുമന്ത്രിയോടും ഇക്കാര്യം മുഖ്യമന്ത്രി ആവശ്യപ്പെട്ടു. തുടർന്ന് പുതിയ നിയമമന്ത്രി ശ്രീ. എച്ച്. ആർ. ഭരദ്വാജിനോട് ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് 25-6-2004-ൽ മുഖ്യമന്ത്രി കത്തയച്ചു. അതിനും പ്രതികൂലമായ പ്രതികരണമാണ് ലഭിച്ചത്. തിരുവനന്തപുരത്ത് ഹൈക്കോടതിയുടെ ഒരു സ്ഥിരം ബഞ്ച് നേടിയെടുക്കുന്നതിന് മറ്റേതെങ്കിലും വഴിയുണ്ടോയെന്നറിയിക്കുവാൻ നിയമവകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം ആരായുകയുണ്ടായി. നിയമ സെക്രട്ടറിയുടെ നിർദ്ദേശത്തിൻമേൽ മന്ത്രിസഭയുടെ അംഗീകാരത്തോടുകൂടി 17-9-2004-ന് ഇതു സംബന്ധിച്ച് മുഖ്യമന്ത്രി ബഹു. രാഷ്ട്രപതിക്ക് കത്തയക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരത്ത് ഫയലിംഗ് അധികാരത്തോട് കൂടിയ ഹൈക്കോടതിയുടെ ഒരു ബഞ്ച് സ്ഥാപിക്കണമെന്നത് സംസ്ഥാനത്തിന്റെ പൊതു താൽപ്പര്യമാണ്. ആയതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ കത്തു കളിൻമേൽ കേന്ദ്ര നിയമമന്ത്രിയുടേയും ബഹുരാഷ്ട്രപതിയുടേയും തീരുമാനം പ്രതീക്ഷിക്കുകയാണ്. ആവശ്യമായ കെട്ടിടങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും ഇപ്പോൾതന്നെ തിരുവനന്തപുരത്ത് ലഭ്യമായ സാഹചര്യത്തിൽ ഹൈക്കോടതി ബഞ്ചിന്റെ രൂപീകരണത്തിനാവശ്യമായ സാദ്ധ്യമായ എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിക്കുന്നതാണ്.

ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുവേണ്ട കെട്ടിങ്ങളും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുക എന്നതാണ് സംസ്ഥാന സർക്കാർ കൈക്കൊള്ളേണ്ട നടപടി. ഈ സൗകര്യങ്ങൾ ഇപ്പോൾത്തന്നെ ലഭ്യമാണ്. ചീഫ് ജസ്റ്റിസിന്റെ അനുമതി തേടുകയും ഇത് കേന്ദ്രസർക്കാരിനു ലഭ്യമാക്കുക യുമാണ് അടുത്ത നടപടി. വളരെയധികം ശ്രമങ്ങൾ നടത്തിയെങ്കിലും അക്കാര്യത്തിൽ ഇതുവരെയായി അനുകൂല അഭിപ്രായം ലഭ്യമായിട്ടില്ല.

സുനാമി ദുരന്തബാധിതരുടെ പുനരധിവാസം

*8 [6] ഡോ. തോമസ് ഐസക്:

ശ്രീ. പിരപ്പൻകോട് മുരളി:

" സാജു പോൾ:

" ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽപ്പെട്ട് സംസ്ഥാനത്ത് എത്രപേർ മരണ മടഞ്ഞിട്ടുണ്ടെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളതെന്ന് പറയാമോ;

(ബി) സംസ്ഥാനത്തിന് പുറത്ത് സുനാമി ദുരന്തംമൂലം മരണമടഞ്ഞ മലയാളികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) സുനാമി ദുരന്തത്തിന്റെ ഫലമായി സംസ്ഥാനത്തിനുണ്ടായ നഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ മേഖലയിലും ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് വെളിപ്പെടുത്തുമോ;

(ഡി) സുനാമി ദുരന്തത്തെത്തുടർന്ന് എന്തെല്ലാം ദുരിതാശ്വാസ പ്രവർത്ത നങ്ങൾക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഇ) സുനാമി ദുരന്ത നഷ്ടപരിഹാരമായി കേന്ദ്രത്തിൽനിന്നും എന്തു തുകയുടെ ധനസഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളത്; ഇതിനകം കേന്ദ്ര ഗവൺമെന്റ് എന്തു തുക ദുരിതാശ്വാസപ്രവർത്തനത്തിനായി നൽകി;

LIBRARY ARCHIVES Kerala Legislative Assembly